**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **04-02-2026 - ൽ മറുപടിയ്ക്ക്**

**പുതുക്കോട് ഗ്രാമപഞ്ചായത്ത് കളിക്കളം നവീകരണം പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കോട് ഗ്രാമപഞ്ചായത്ത് കളിക്കളം നവീകരണ പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എപ്പോഴേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ തരൂർ നിയോജക മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് കളിസ്ഥലം വികസന പ്രവൃത്തിക്കായി 15.01.2025 ലെ സ.ഉ. (സാധാ) നം.18/2025/കാ.യു.വ. പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 87.87 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. നിസാർ എ.ട, കാസർഗോഡ് എന്ന കരാറുകാരനാണ് 73.38 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, കോമ്പൗണ്ട് വാൾ, ഫെൻസിംഗ്, ഡ്രെയിനേജ്, ഫ്ളഡ് ലൈറ്റ്, നിലവിലുള്ള ഇൻഡോർ ഹാളിന്റെ അറ്റകുറ്റപ്പണികൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പ്രവൃത്തി ആരംഭിക്കുകയും ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള പ്രവൃത്തികൾ ആരംഭിക്കണമെങ്കിൽ പ്രസ്തുത ഗ്രൗണ്ടിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ആയതിനായി പുതുക്കോട് ഗ്രാമപഞ്ചായത്തിൽ കത്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് മുഖേന പോസ്റ്റുകൾ മാറ്റിയാലുടൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ